പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 664** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ഇ) പ്രകാരം രൂപീകരിക്കപ്പെട്ട കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ പ്രാഥമിക സംഘങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 11 പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളാണ് ആദ്യ ഘട്ടത്തിൽ ധന സഹായ വിതരണത്തിന് യോഗ്യത നേടിയത്.

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം ആദ്യഘട്ട ധനസഹായ വിതരണം എന്ന് മുതൽ ആരംഭിച്ചുവെന്നും ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പദ്ധതിയുടെ ആദ്യ ഘട്ട ധന സഹായ വിതരണം 2026 മാർച്ച് 10 ന് നടന്നു. ആദ്യ ഘട്ടത്തിൽ ധന സഹായം ലഭിച്ച 6 സംഘങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | വലവൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ K 91 | 10 കോടി രൂപ |
| 2 | കട്ടപ്പന റൂറൽ ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ 591 | 6 കോടി രൂപ |
| 3 | വലിയകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ PT 47 | 5 കോടി രൂപ |
| 4 | തേക്കുതോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ PT 48 | 7 കോടി രൂപ |
| 5 | ചെങ്ങരൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 149 . | 2 കോടി രൂപ |

| | | |
|---|---|---|
| 6 | കറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ A708 . | 5.32 കോടി രൂപ |
| | ആകെ | 35.32 കോടിരൂപ |

**(സി)** പ്രസ്തുത പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ആകെ എത്ര കോടി രൂപയാണ് സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2025-26 സാമ്പത്തിക വർഷത്തിൽ 6 സംഘങ്ങൾക്കായി ആകെ 35.32 കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ ആകെ എത്ര തുക, എത്ര സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ സംഘങ്ങൾക്ക് ഈ സ്കീം പ്രകാരമുള്ള ധനസഹായ വിതരണം നടത്തിയിട്ടില്ല .

**സെക്ഷൻ ഓഫീസർ**